**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1490** **10-10-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞാണി- ചാവക്കാട് റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ കാഞ്ഞാണി-ചാവക്കാട് റോഡിന്റെ ഏനമാവ് ചർച്ചിന് സമീപമുള്ള ഇടുങ്ങിയ ഭാഗം വീതി കൂട്ടുന്നതിനായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ; | (എ) | ഏനമാവ് ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട് റിക്വിസിഷൻ അതോറിറ്റി അർത്ഥനാപത്രവും ഭരണാനുമതിയും അലൈൻമെന്റ് സ്കെച്ചും ഹാജരാക്കിയിട്ടുണ്ട്.<br><br>ഏനമാവ് ജംഗ്ഷൻ വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി കണ്ടിജൻസി ചാർജ്ജ് അടവാക്കുന്നതിനും അലൈൻമെന്റ് സ്കെച്ച് പ്രകാരം ഭൂമിയിൽ കല്ലുകൾ സ്ഥാപിക്കുന്നതിനും അർത്ഥനാധികാരിയായ പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡ് വികസനത്തിനായി ഏറ്റെടുക്കാനുള്ള ഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്നും എത്ര പേരുടെ ഭൂമിയാണ് ഇതിനായി ഏറ്റെടുക്കുന്നതെന്നും അറിയിക്കാമോ; | (ബി) | 0.01696 ഹെക്ടർ ഭൂമിയാണ് ടി പദ്ധതിക്കു വേണ്ടി ഏറ്റെടുത്തു നൽകേണ്ടത്. പ്രസ്തുത റോഡ് വികസനത്തിനായി എത്ര പേരുടെ ഭൂമിയാണ് ഏറ്റെടുക്കുന്നത് എന്നത് സംബന്ധിച്ചുള്ള വിവരം നിലവിൽ ലഭ്യമല്ല. |
| (സി) | വളരെയേറെ ഗതാഗതക്കുരുക്കുള്ള പ്രസ്തുത റോഡ് വികസിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് നടപടി എടുക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (സി) | അർത്ഥനാധികാരി കണ്ടിജൻസി ചാർജ്ജ് അടവാക്കി അലൈൻമെന്റ് സ്കെച്ച് പ്രകാരം ഭൂമിയിൽ കല്ലുകൾ സ്ഥാപിക്കുന്ന മുറയ്ക്ക് 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലമേറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ